(ബി) 1552 പ്ലസ് ടു സ്കൂളുകളിലെ. 6 ലക്ഷത്തിലേറെ വിദ്യാർത്ഥികളുടേയും 14,000-ത്തിലേറെ അദ്ധ്യാപകരുടേയും മറ്റു ജീവനക്കാരുടേയും ഭരണപരമായ കാര്യങ്ങളാണ് ഡയറക്ടറേറ്റിലെ ജീവനക്കാർ കൈകാര്യം ചെയ്യുന്നത്.

(സി) ജീവനക്കാരുടെ ജോലിഭാരം കുറയ്ക്കുന്നതിന്റെ ഭാഗമായി ഡയറക്ടറേറ്റിൽ ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുവാനും നാല് മേഖലാ ഓഫീസുകൾ സ്ഥാപിക്കുവാനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ശ്രീകൃഷ്ണപുരം ഹയർ സെക്കണ്ടറി സ്കൂളിൽ രണ്ട് ലാബ് അസിസ്റ്റന്റുമാരെ നിയമിക്കുന്നതിന് നടപടി

376 [2436] ശ്രീമതി ഗിരിജ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീകൃഷ്ണപുരം ഹയർ സെക്കണ്ടറി സ്കൂളിൽ രണ്ട് ലാബ് അസിസ്റ്റന്റുമാരെ നിയമിക്കണമെന്ന ഉത്തരവ് നിലനിൽക്കെ നിയമനത്തിനായി ശുപാർശ ചെയ്യപ്പെട്ട ശ്രീ. അഗ്നിശർമ്മൻ, ടി. എം., ശ്രീ. കേശവൻ, ടി. എം. എന്നിവർക്ക് ഇതേവരെ നിയമന ഉത്തരവ് ലഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) ഇവർക്ക് നിയമന ഉത്തരവ് നൽകുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; നിയമന ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ?

ഉത്തരം

(എ ആന്റ് ബി) ഇവർക്ക് നിയമനാംഗീകാരം നൽകികൊണ്ട് 8-7-2004-ൽ ഹയർ സെക്കണ്ടറി വിദ്യാഭ്യാസ ഡയറക്ടർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

വള്ളിക്കുന്ന് സി. ബി. എച്ച്. എസ്. എസ്.-ലെ എച്ച്. എസ്. എ. ശ്രീമതി ബി. സുശീലാമ്മയുടെ ആനുകൂല്യങ്ങൾ തടഞ്ഞുവച്ച നടപടി

377 [2437] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ വള്ളിക്കുന്ന് സി. ബി. എച്ച്. എസ്. എസ്.-ലെ എച്ച്. എസ്. എ. ആയ ശ്രീമതി ബി. സുശീലാമ്മയുടെ വിവിധ ആനുകൂല്യങ്ങൾ തടഞ്ഞുവച്ചിട്ടുള്ളതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) സസ്പെൻഷനെത്തുടർന്ന് ഇവരുടെ ഹയർ ഗ്രേഡ്, ഇൻക്രിമെന്റ് ആനുകൂല്യങ്ങൾ നൽകുന്നതിന് നിലവിലുള്ള തടസ്സങ്ങൾ എന്തെല്ലാമാണ്;

(സി) ആനുകൂല്യങ്ങൾ തടഞ്ഞുവച്ചിരിക്കുന്നത് ചട്ടങ്ങൾക്കനുസൃതമാണെങ്കിൽ ഏതെല്ലാം ചട്ടങ്ങൾ പ്രകാരമാണെന്ന് വ്യക്തമാക്കാമോ;

(ഡി) ഇവരെ സസ്പെന്റ് ചെയ്ത തീയതിയും കാലയളവും പുനഃപ്രവേശിപ്പിച്ച തീയതിയും സസ്പെൻഷനിടയാക്കിയ കാരണവും വ്യക്തമാക്കാമോ; ഇത് സംബന്ധിച്ച് അധികൃതർ നടത്തിയ തെളിവെടുപ്പുകളിൽ ഇവരുടെ ഭാഗത്തുനിന്നും വീഴ്ച വന്നതായി കണ്ടെത്തിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) നടപടികൾ വേഗത്തിൽ തീർപ്പാക്കി മറ്റ് ആനുകൂല്യങ്ങൾ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മലപ്പുറം ജില്ലയിലെ വള്ളിക്കുന്ന് സി. ബി. എച്ച്. എസ്. എസ്.-ലെ ശ്രീമതി ബി. സുശീലാമ്മ എന്ന ഹൈസ്കൂൾ അദ്ധ്യാപികയെ ചില ആരോപണങ്ങളുടെ പേരിൽ മാനേജർ 21-7-2000-ൽ സസ്പെന്റ് ചെയ്യുകയുണ്ടായി. പ്രസ്തുത അദ്ധ്യാപികയെ സർവ്വീസിൽ തിരികെ പ്രവേശിപ്പിക്കുന്നതിനുള്ള ഡിപ്പാർട്ട്മെന്റ് നിർദ്ദേശങ്ങൾക്കെതിരെ മാനേജർ കോടതിയെ സമീപിച്ചതിനാൽ സസ്പെൻഷൻകാലം ക്രമാതീതമായി നീണ്ടുപോകുകയുണ്ടായി. സസ്പെൻഷൻ കാലയളവിൽ സാധാരണയായി ഉപജീവനബത്തയ്ക്ക് മാത്രമേ ഒരുജീവനക്കാരന് അർഹതയുണ്ടായിരിക്കുകയുള്ളു. അച്ചടക്ക നടപടികൾ അവസാനിപ്പിച്ച് സസ്പെൻഷൻ കാലഘട്ടം എങ്ങനെ പരിഗണിക്കണമെന്ന അവസാന ഉത്തരവിന് ശേഷമേ സസ്പെൻഷനിൽ നിൽക്കുന്നയാളിന് മറ്റാനുകൂല്യങ്ങൾ നൽകുവാൻ സാധിക്കുകയുള്ളു.

(ബി) ശ്രീമതി സുശീലാമ്മയ്ക്കെതിരെയുള്ള അച്ചടക്ക നടപടികൾ അവസാനിപ്പിച്ച് തിരൂർ ഡി. ഇ. ഒ. 25-4-2003-ൽ ഉത്തരവിറക്കിയെങ്കിലും അതിനെതിരെ മാനേജർ അപ്പീൽ സമർപ്പിക്കുകയും ടി അപ്പീലിനുമേൽ പരാതി കക്ഷികളെ നേരിൽ കേൾക്കുകയുണ്ടായി. ടി ഹിയറിംഗിന്മേലുള്ള അന്തിമ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ ഗ്രേഡ്, ഇൻക്രിമെന്റ് തുടങ്ങിയ ആനുകൂല്യങ്ങൾ നൽകുവാൻ കഴിയുകയുള്ളു.

(സി) കെ. ഇ. ആർ. അദ്ധ്യായം 14 എ വകുപ്പ് 67,75 എന്നിവ പ്രകാരം സസ്പെൻഷനിലായിരുന്ന ജീവനക്കാരന്റെ സസ്പെൻഷൻകാലം ഡ്യൂട്ടിയായോ, അർഹതപ്പെട്ട ലീവായോ പരിഗണിക്കപ്പെടാവുന്നതാണ്. അപ്രകാരമുള്ള ഒരു അവസാന ഉത്തരവിന്റെ അടിസ്ഥാനത്തിൽ മാത്രമേ അർഹതപ്പെട്ട ആനുകൂല്യങ്ങൾ കണക്കാക്കുവാനും അത് നൽകുവാനും സാധിക്കുകയുള്ളു.

(ഡി) ശ്രീമതി ബി. സുശീലാമ്മയെ 21-7-2000-ലാണ് സസ്പെന്റ് ചെയ്തത്. 8-10-2002-ൽ അവരെ സർവ്വീസിൽ പുനഃപ്രവേശിപ്പിച്ചു. രണ്ട് വർഷവും രണ്ടര മാസവും അവർ സസ്പെൻഷനിലായിരുന്നു. സ്കൂളിനും പ്രധാനദ്ധ്യാപകനും എതിരെ അപവാദപ്രചാരണം നടത്തി എന്നതായിരുന്നു അവരുടെമേൽ ആരോപിച്ച പ്രധാന കുറ്റം. സസ്പെൻഷനാധാരമായ കാര്യങ്ങളെക്കുറിച്ച് നടത്തിയ വകുപ്പുതല അന്വേഷണങ്ങളിൽ അവരുടെ ഭാഗത്തുനിന്നും വീഴ്ച വന്നിട്ടുള്ളതായി തെളിവില്ല.

(ഇ) അച്ചടക്ക നടപടികളിന്മേലുള്ള അവസാന തീരുമാനം ആകുന്ന മുറയ്ക്ക് ആനുകൂല്യങ്ങളെല്ലാം നൽകുന്നതിനുള്ള നടപടിയും സ്വീകരിക്കുന്നതാണ്.

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കോളേജുകളുടെ ജില്ല തിരിച്ചുള്ള കണക്ക്

378 [2438] ശ്രീ. സി. ടി. അഹമ്മദ് അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര കോളേജുകൾ പ്രവർത്തിക്കുന്നുണ്ടെന്നും അവ ഏതെല്ലാമാണെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly